# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 125 — 28.05.2019-ൽ മറുപടിക്ക്

## മതസൗഹാർദ്ദം സംരക്ഷിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്ത് മതസ്പർദ്ധ ഇളക്കി വിടുന്നവർക്കും അത്തരം പ്രവണതകൾക്കുമെതിരെ സംസ്ഥാന പോലീസിന്റെ ജനമൈത്രി, സ്റ്റുഡന്റ്സ് കേഡറ്റ് വിഭാഗങ്ങളുടെയും, സമൂഹമാധ്യമ വിഭാഗങ്ങളുടെയും സഹകരണം ഉറപ്പാക്കി ഗവൺമെന്റ് ഉദ്ബോധനം നടത്താൻ മുൻകയ്യെടുക്കുമോ; | (എ) ജനങ്ങൾക്കിടയിൽ മതസ്പർദ്ധ ഇളക്കി വിടുന്ന പ്രവർത്തനങ്ങൾ, ജനമൈത്രി പോലീസിന്റെ സഹായത്തോടുകൂടി നിരീക്ഷിക്കുകയും, ഇത്തരം പ്രവർത്തനങ്ങൾ സംബന്ധിച്ച വിവരം ശേഖരിച്ച് കർശന നടപടികൾ സ്വീകരിച്ചു വരുന്നു. ജനമൈത്രി സുരക്ഷാ പദ്ധതിയിലൂടെ ജനങ്ങൾ തമ്മിലുള്ള പരസ്പര വിശ്വാസവും, സഹകരണവും വർദ്ധിപ്പിക്കുന്നതിനും, ജാതി മത ചിന്തകൾക്ക് അതീതമായി ചിന്തിക്കുന്നതിനും പ്രവർത്തിക്കുന്നതിനും ആവശ്യമായ പ്രവർത്തനങ്ങൾ നടത്തി വരുകയും ചെയ്യുന്നു. സ്റ്റുഡന്റ്സ് കേഡറ്റ് പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്കിടയിൽ നടത്തി വരുന്ന പ്രവർത്തനങ്ങളിലൂടെ അവരിൽ ജാതി മത ചിന്തകൾക്ക് അതീതമായി പരസ്പര വിശ്വാസവും, സ്നേഹവും, സഹകരണവും വളർത്തിയെടുക്കാൻ സാധിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ വഴി |

എല്ലാത്തരം കുറ്റകൃത്യങ്ങളെയും, സാഹചര്യങ്ങളെയും, സാദ്ധ്യതകളെയും, അവ തടയുന്നതിനാവശ്യമായ മാർഗ്ഗങ്ങളെക്കുറിച്ചും ബോധവൽക്കരണം നടത്തി വരുന്നു. കൂടാതെ കേരള പോലീസിന്റെ ഫേസ്ബുക്ക് പേജിലൂടെയും, മതസ്പർദ്ധ ഇളക്കി വിടുന്ന പ്രവണതകൾക്കെതിരെ ബോധവൽക്കരണം നടത്തി വരുന്നു.

| | | | |
|---|---|---|---|
| (ബി) | ഇത്തരം കൂട്ടായ്മ സ്കൂളുകളിലും മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലും നടത്തുന്നത് രാജ്യത്ത് നിലനിന്നിരുന്ന വൈവിധ്യ മതമൂല്യങ്ങൾ സംരക്ഷിക്കുന്നതിന് ഉതകുമെന്ന് കരുതുന്നുണ്ടോ; | (ബി) | ഉണ്ട് |
| (സി) | എങ്കിൽ കേന്ദ്രാധികാരത്തിന്റെ മറവിൽ സംസ്ഥാനത്തെ മതസാഹോദര്യം തകർക്കാൻ ശ്രമിക്കുന്ന വിഭാഗങ്ങൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടിക്ക് തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ? | (സി) | മതസൗഹാർദ്ദം തകർക്കാൻ ശ്രമിക്കുന്നവർക്കെതിരെ ശക്തമായ നിയമ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നത്. |

സെക്ഷൻ ഓഫീസർ